بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

ജുമുഅഃ ഖുത്വ്ബ സംഗ്രഹം 06-11-2026

തഹ്രീക്കെ ജദീദ് പുതുവർഷ വിളംബരം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറഃ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) പറഞ്ഞു:

അല്ലാഹു വിശുദ്ധ ഖുർആനിൽ അരുളുന്നു:

لَنۡ تَنَالُوا الۡبِرَّ حَتّٰی تُنۡفِقُوۡا مِمَّا تُحِبُّوۡنَ

അതായത്, നിങ്ങൾക്ക് പ്രിയപ്പെട്ട വസ്തുക്കളിൽ നിന്ന് നിങ്ങൾ (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് ഒരിക്കലും യഥാർത്ഥ നന്മ പ്രാപിക്കാൻ സാധിക്കുകയില്ല!

ഒരു ഹദീസിൽ വന്നിരിക്കുന്നു: ഈ ആയത്ത് അവതരിച്ചപ്പോൾ, ഹദ്റത്ത് ത്വൽഹ (റ) തന്റെ പക്കലുണ്ടായിരുന്ന വിലയേറിയതും തനിക്ക് ഏറ്റവും പ്രിയപ്പെട്ടതുമായ 'ബയ്റുഹാഅ്' എന്ന് പേരുള്ള തോട്ടം നബിതിരുമേനി(സ)യുടെ സന്നിധിയിൽ സമർപ്പിച്ചു. കൂടാതെ, സാമ്പത്തിക ത്യാഗത്തിനായി ആഹ്വാനം ഉണ്ടാകുമ്പോഴൊക്കെ മുൻപന്തിയിൽ നിൽക്കുകയും തങ്ങളുടെ സമ്പത്ത് നബിതിരുമേനി (സ)യുടെ സന്നിധിയിൽ സന്തോഷത്തോടെ കാഴ്ചവെക്കുകയും ചെയ്തിരുന്ന സഹാബാക്കൾ നിരവധിയായിരുന്നു എന്ന് ഹദീസിൽ കാണാം. ആ ഉജ്ജ്വല താരകങ്ങൾ ഇന്നും നമുക്ക് മാർഗദീപങ്ങളാണ്.

തുടർന്ന്, ദൈവികവാഗ്ദാനപ്രകാരം ഇസ്ലാമിന്റെ പുനരുജ്ജീവന കാലം സമാഗതമായതോടെ ആ കാലഘട്ടത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ആഹ്വാനങ്ങൾക്കനുസരിച്ച് അങ്ങയുടെ അനുചരന്മാരും ത്യാഗങ്ങൾ കാഴ്ച വെക്കുകയുണ്ടായി. അത്തരം ത്യാഗങ്ങളുടെ ഗ്രാഹ്യം അവിടുന്ന് അനുയായികൾക്ക് നൽകിയിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: വ്യർഥവും ഉപയോഗശൂന്യവുമായ വസ്തുക്കൾ ദാനം ചെയ്യുക വഴി താൻ നന്മ ചെയ്തുവെന്ന് ഒരാൾക്കും അവകാശപ്പെടാൻ സാധിക്കില്ല. നന്മയുടെ കവാടം ഇടുങ്ങിയതാണ്. അതിനാൽ ഈ കാര്യം വ്യർഥമായ വസ്തുക്കൾ ചെലവഴിച്ചുകൊണ്ട് ആരും നന്മയിൽ പ്രവേശിക്കുന്നതല്ലെന്ന് നിങ്ങൾ മനസ്സിലാക്കിക്കൊള്ളുവിൻ. എന്തെന്നാൽ,

لَنۡ تَنَالُوا الۡبِرَّ حَتّٰی تُنۡفِقُوۡا مِمَّا تُحِبُّوۡنَ

എന്നത് വിശുദ്ധ ഖുർആന്റെ വ്യക്തമായ പ്രഖ്യാപന മത്രേ.നിങ്ങൾക്ക് ഏറ്റവും പ്രിയങ്കരവും ഹൃദ്യവുമായ വസ്തുക്കൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ ചെലവഴിക്കുവോളം ദിവ്യാനുരാഗത്തിന്റെയും ദൈവസാമീപ്യത്തിന്റെയും പദവി കരഗതമാവുകയില്ല. പ്രയാസം സഹിക്കാനും യഥാർത്ഥ നന്മ സ്വായത്തമാക്കാനും ആഗ്രഹിക്കാതെ കണ്ട് നിങ്ങൾക്ക് എങ്ങനെ വിജയിക്കാനും ലക്ഷ്യം കാണാനും കഴിയും? സ്വഹാബാക്കൾക്ക് ഈ പദവികൾ സൗജന്യമായി ലഭിച്ചതായിരുന്നുവോ? ഏതുവരെ താത്കാലിക ക്ലേശങ്ങൾ സഹിക്കുന്നില്ലയോ അതുവരെ യഥാർഥ ആനന്ദത്തിന് നിദാനമായ ദൈവപ്രീതി നേടുക സാധ്യമല്ല എന്നതാണ് വാസ്തവം-

ഈയൊരു ആത്മാവാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ജമാഅത്തിൽ സംജാതമാക്കാൻ പരിശ്രമിച്ചത് അങ്ങയുടെ സഹാബാക്കൾ ത്യാഗം ചെയ്യുന്നതിൽ എത്രമാത്രം മുന്നേറിയിരുന്നുവെന്നാൽ, അവിടുന്ന് തന്നെ പറഞ്ഞു: ശരീരത്തിൽ ധരിക്കാൻ ഒരു വസ്ത്രമോ പുതപ്പോ പൈജാമയോ പോലും ലഭിക്കാൻ പ്രയാസപ്പെടുന്നവരും നമ്മുടെ ജമാഅത്തിലുണ്ട്.അവരുടെആത്മാർഥതയുംകൂറും ശിഷ്യമനോഭാവവും കാണുമ്പോൾ എന്റെ മനസ്സ് അത്ഭുതപ്പെട്ടുപോകുന്നു.

അവിടുന്ന് സംജാതമാക്കിയ വിപ്ലവത്തിന് മറ്റ് ഉദാഹരണങ്ങൾ കാണുന്നില്ല. ഇന്ന് അഹ്മദികളോളം ത്യാഗത്തിന്റെ ആത്മാവ് ഗ്രഹിച്ചവർ മറ്റാരുമില്ല. ഇത്തരം ഉദാഹരണങ്ങൾ ജമാഅത്തിലാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കാലത്തിന്റെ ഖലീഫയെ നേരിട്ട് കാണുക പോലും ചെയ്തിട്ടില്ലാത്ത എത്രയോ പേരുണ്ട്. എം.ടി.എയിലൂടെ മാത്രം കാണുകയോ ശബ്ദംകേൾക്കുകയോ ചെയ്തിട്ടുള്ളരാണ് അവർ. എന്നാൽ ആത്മാർഥതയിലും കൂറിലും മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കുകയാണ്! ലോകം ഇവരെ അറിയുന്നില്ല; വിദ്യാഭ്യാസം കുറവാണെങ്കിലും, ഖുർആനികധ്യാപനങ്ങൾ ഗ്രഹിച്ച് അവ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നവരാണ് അവർ.

ഗ്വാഡലൂപ്പിലെ ഒരു നവ അഹ്മദി ഇതിന് നിദർശനമാണ്. അദ്ദേഹം ഈയിടെ യുകെ ജൽസ സാലാനയിൽ പങ്കെടുക്കുകയും എന്നെ വന്നു കാണുകയും ചെയ്തിരുന്നു. ജമാഅത്ത് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് ഇവിടെ അദ്ദേഹം കണ്ടു. ജമാഅത്തിന് ഒരു സാമ്പത്തിക സംവിധാനവുമുണ്ടെന്നും, ആളുകൾ നൽകുന്ന ചന്ദകൾ മുഖേനയാണ് ഇസ്ലാമിക പ്രചാരണം നടക്കുന്നതെന്നും അദ്ദേഹത്തോട് പറഞ്ഞു. ഈസാമ്പത്തികത്യാഗങ്ങൾ എങ്ങനെയൊക്കെയാണ് വിനിയോഗിക്കപ്പെടുന്നത് എന്ന് വിശദീകരിച്ചുകൊടുത്തപ്പോൾ അദ്ദേഹം അത്യധികം സന്തോഷം പ്രകടിപ്പിക്കുകയും, ജമാഅത്ത് ഈ ധനം അല്ലാഹുവിന്റെ മാർഗത്തിൽ എത്രമാത്രം ചെലവഴിക്കുന്നു എന്ന് താൻ സ്വന്തം കണ്ണുകൊണ്ട് ജൽസ സാലാനയിൽ നേരിട്ടു കണ്ടു എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു!

മിഷനറി സാഹിബ് എഴുതുന്നു: ഈ സംഭവത്തിന് വിശ്വാസ ദീപ്തിയേകുന്ന മറ്റൊരു വശമുണ്ട്. തഹ്രീക്കെ ജദീദ് ചന്ദ നൽകാനുള്ള അവസാന ദിവസമായപ്പോൾ ആ നവ അഹ്മദി എന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു: ആറ് വയസ്സുള്ള ഒരു മകൻ എനിക്കുണ്ട്; ഇതാ, ഈ ആറ് യൂറോ അവന്റെ വകയായുള്ള ചന്ദയാണ്. ജമാഅത്ത് എങ്ങനെയാണ് ത്യാഗങ്ങൾ ചെയ്യുന്നത് എന്ന് ഞാൻ എന്റെ മകന് പറഞ്ഞുകൊടുക്കുമായിരുന്നു. ഇന്നലെ ഞാൻ അവനെ പാർക്കിൽ കൂട്ടിക്കൊണ്ടുപോയി. അവിടെ റൈഡിനായി ടിക്കറ്റെടുക്കാൻ ഒരുങ്ങിയപ്പോൾ അവൻ പറഞ്ഞു: ഇന്ന് ഞാൻ റൈഡുകളിൽ കയറുന്നില്ല. ഈ പണം എന്റെ വകയായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നൽകിയാലും!

തുക നിസ്സാരമായി തോന്നാമെങ്കിലും ആ കുട്ടിയുടെ ഭാഗത്തുനിന്നുള്ള മഹത്തായ ത്യാഗം തന്നെയാണത്.

ഗിനികൊനാക്രിയിൽനിന്നുള്ള ഒരു സംഭവം പറയാം. തുലാ സാഹിബ് വളരെ ദരിദ്രനായ ഒരു അഹ്മദിയാണ്. അദ്ദേഹം തഹ്രീക്കെ ജദീദ് ചന്ദയായി മുപ്പതിനായിരം ഫ്രാങ്ക് വാഗ്ദാനം ചെയ്യുകയുണ്ടായി. അതേക്കുറിച്ച് അദ്ദേഹം പറയുന്നു: ആ സമയത്ത് എന്റെ മകളുടെ വിവാഹം നിശ്ചയിച്ചിട്ടുണ്ടായിരുന്നു; അതിനായി ഞാൻ കുറെയേറെ പണം സ്വരൂപിച്ച് വെച്ചിരുന്നു. അപ്പോഴാണ് മുഅല്ലിം സാഹിബ് ചന്ദ പിരിക്കാനായി എന്റെ അടുക്കൽ വന്നത്. വിവാഹ ആവശ്യത്തിനായി ഞാൻ സ്വരൂപിച്ച് വെച്ച ആ തുക ഞാൻ അദ്ദേഹത്തിന് ചന്ദയായി നൽകി. അതോടെ അല്ലാഹുവിന്റെ അനുഗ്രഹം വന്നണഞ്ഞു. വീട്ടിൽനിന്ന് ഫ്രാൻസിലേക്കു പോയ എന്റെ മകനെപ്പറ്റിപിന്നീട് കുറെ കാലമായി യാതൊരു വിവരവുമുണ്ടായിരുന്നില്ല; കാലമേറെക്കഴിഞ്ഞിരുന്നതിനാൽ അവൻ വഴിമധ്യേ എവിടെയോ മരണപ്പെട്ടിട്ടുണ്ടാകുമെന്നാണ് ഞങ്ങൾ കരുതിയിരുന്നത്. എന്നാൽ പെട്ടെന്ന് ഒരു ദിവസം അവന്റെ ഫോൺ കോൾ വന്നു! താൻ ഫ്രാൻസിൽ എത്തിയെന്നും എന്റെ ചിലവുകൾക്കായി വലിയൊരു തുക അയച്ചുതരുന്നുണ്ടെന്നും അവൻ പറഞ്ഞു.

തുലാ സാഹിബ് പറയുന്നു: ഈ സംഭവത്തോടെ എന്റെ ഈമാൻ പതിന്മടങ്ങ് വർദ്ധിച്ചു! ചന്ദ നൽകിയതിന്റെ ബർക്കത്തുകൊണ്ട് എന്റെ പ്രിയപ്പെട്ട മകനെക്കുറിച്ചുള്ള വിവരം എനിക്ക് ലഭിച്ചു എന്ന് മാത്രമല്ല, ഞാൻ നൽകിയ തുകയുടെ എത്രയോ ഇരട്ടി അധികമായി അല്ലാഹു എനിക്ക് തിരികെ നൽകുകയും ചെയ്തു.

അർജന്റീനയിലെ മിഷനറി സാഹിബ് എഴുതുന്നു: അവിടത്തെ ആദ്യത്തെ പ്രാദേശിക അഹ്മദിയായ നാസിർ അർകിയൂൺ സാഹിബ് വളരെ മുഖ്‌ലിസായ അഹ്മദിയാണ്. ആ രാജ്യത്തെ അറിയപ്പെടുന്ന ഒരു പ്രമുഖ പത്രപ്രവർത്തകനായിരുന്നു അദ്ദേഹം. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി അദ്ദേഹം ശാരീരികമായി തളർന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ കുടുംബം കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെയാണ് കടന്നുപോകുന്നത്. പലപ്പോഴും മരുന്നുകൾ വാങ്ങാൻ പോലും കയ്യിൽ പണമില്ലാത്ത അവസ്ഥ!

മിഷനറി സാഹിബ് പറയുന്നു: ഞാൻ അദ്ദേഹത്തോട് പറഞ്ഞു: ചന്ദ നൽകേണ്ട അവസ്ഥയിലല്ല താങ്കൾ. എങ്കിലും ബർക്കത്തിന് വേണ്ടി വല്ലതും നൽകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്ക് നൽകാം. ഇതു കേട്ട അദ്ദേഹം ഏതാനും ദിവസങ്ങൾക്ക് ശേഷം സ്വയം എന്നെ ബന്ധപ്പെടുകയും, ജമാഅത്തിന്റെ അക്കൗണ്ടിലേക്ക് ചന്ദയുടെ തുക അയച്ചുകൊടുത്തിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു! പരിശോധിച്ചു നോക്കിയപ്പോൾ അദ്ദേഹം ഇരുപത്തിയഞ്ച് ഡോളറാണ് അയച്ചിരിക്കുന്നത്! അതൊരു ചെറിയ തുകയായിരിക്കാം; എന്നാൽ അദ്ദേഹത്തിന്റെ വ്യക്തിപരമായ സാഹചര്യങ്ങൾ വച്ചുനോക്കുമ്പോൾ അതൊരു മഹത്തായ ത്യാഗമായിരുന്നു.

ബെനിനിൽ നിന്നുള്ള ഒരു സംഭവം പറയാം. ക്രിസ്തുമതത്തിൽ നിന്നും അഹ്മദിയ്യത്ത് സ്വീകരിച്ച ഒരു നവഅഹ്മദിക്ക് ചെറിയൊരു കടയുണ്ട്. അദ്ദേഹം വിവരിക്കുന്നു:എന്റെ പക്കൽ പതിനായിരം ഫ്രാങ്ക് ഉണ്ടായിരുന്നു. അപ്പോഴാണ് സ്കൂൾ ഫീസ് അടക്കാത്തതിനാൽ അധികൃതർ മകളെ സ്കൂളിൽ നിന്നും പുറത്താക്കി എന്ന് അവൾ വന്ന് പറഞ്ഞത്. ഞാൻ ആ പണമെടുത്ത് മകളുടെ സ്കൂൾ ഫീസ് അടക്കാൻ തയ്യാറെടുക്കുമ്പോൾ തഹ്രീക്കെ ജദീദുമായി ബന്ധപ്പെട്ട് മുഅല്ലിം സാഹിബ് എന്നെ കാണാൻ വന്നു. ഞാൻ മകളുടെ ഫീസിനായി മാറ്റിവെച്ച ആ തുക മുഴുവൻ തഹ്രീക്കെ ജദീദ് ചന്ദയായി നൽകി! അതിനുശേഷം അല്ലാഹു അനുഗ്രഹിച്ച് എന്റെ കടയിലേക്ക് ഒരുപാട്

ഉപഭോക്താക്കൾ വരുകയും രണ്ട് ലക്ഷം ഫ്രാങ്ക് തുകയ്ക്കുള്ള സാധനങ്ങൾ വിറ്റുപോകുകയും ചെയ്തതോടെ വലിയ ലാഭം ലഭിക്കുകയുണ്ടായി. അങ്ങനെ അന്നുതന്നെ എനിക്ക് മകളുടെ ഫീസ് അടക്കാൻ സാധിച്ചു.

തങ്ങൾ ചെയ്യുന്ന സാമ്പത്തിക ത്യാഗങ്ങളെ കുറിച്ച് വിവരിച്ച് നിരവധിയാളുകൾ എനിക്ക് ദുആക്കായി എഴുതാറുണ്ട്; പ്രസ്തുത ത്യാഗങ്ങൾ കാരണം അവരുടെ പരിഹരിക്കപ്പെടാത്ത അനേകം കാര്യങ്ങൾ ശുഭകരമായി ഭവിക്കുകയും മക്കളുടെ ശിക്ഷണകാര്യങ്ങൾ സാധ്യമാവുകയും ചെയ്യുന്നു.

കാനഡയിലെ ലജ്ന ഇമാഇല്ല നാഷണൽ സെക്രട്ടറി തഹ്രീക്കെ ജദീദ് എഴുതുന്നു: ഒരു ലജ്ന അംഗം തന്റെ പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാതെ വിവരിച്ച അനുഭവമാണിത്. താൻ എപ്പോഴും തന്റെ ശേഷിക്കനുസരിച്ചാണ് ചന്ദകൾ നൽകിയിരുന്നത് എന്ന് അവർ പറയുന്നു. എന്നാൽ കഴിഞ്ഞ വർഷം ഞാൻ (ഹുസൂർ അൻവർ) നടത്തിയ ഖുതുബയിൽ ഹദ്റത്ത് അമ്മാൻ ജാൻ (റ)ന്റെ ഉദാത്ത മാതൃക വിവരിക്കുകയുണ്ടായി ഹദ്റത്ത് അമ്മാൻ ജാൻ (റ) തഹ്രീക്കെ ജദീദിന്റെ തുടക്കത്തിൽ വാഗ്ദാന തുക എഴുതി നൽകുകയും പിന്നീട് അത് പൂർണ്ണമായി അടച്ചു തീർക്കുകയും ചെയ്തിരുന്നു.ആ ലജ്ന സഹോദരി പറയുന്നു: ഹുസൂറിന്റെ ഖുതുബ കേട്ട ശേഷം ഹദ്റത്ത് അമ്മാൻ ജാൻ (റ)ന്റെ ഈ മാതൃക പിന്തുടരണമെന്ന് ഞാൻ ഉറപ്പിച്ചു. അങ്ങനെ ഞാൻ എന്റെ രണ്ടു മാസത്തെ ശമ്പളത്തിന് തുല്യമായ തുക തഹ്രീക്കെ ജദീദ് വാഗ്ദാനമായി എഴുതിക്കൊടുക്കുകയും അത് പൂർണ്ണമായി അടച്ചു വീട്ടുകയും ചെയ്തു. അതിനുശേഷം അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങൾ ഞാൻ ജീവിതത്തിൽ ദർശിക്കുകയുണ്ടായി. മറഞ്ഞിരുന്ന വലിയൊരു നിധി ലഭിച്ചതുപോലെയായിരുന്നു അത്! ദീർഘകാലമായി മുടങ്ങിക്കിടന്നിരുന്ന അനേകം കാര്യങ്ങൾ പൊടുന്നനെ നിവർത്തിക്കപ്പെട്ടു; ഞങ്ങളുടെ ഒരു വീട് വളരെ മികച്ച വിലയ്ക്ക് വിൽക്കാൻ സാധിക്കുകയും, മറ്റൊരു സ്ഥലത്ത് പുതിയൊരു വീട് വാങ്ങാനുള്ള തൗഫീഖ് അല്ലാഹു നൽകുകയും ചെയ്തു!

റഷ്യയിലെ മിഷനറി ഇൻചാർജ് എഴുതുന്നു:

വളരെ ത്യാഗം ചെയ്യുന്ന മുഖ്‌ലിസായ ഒരു അഹ്മദി ഒരു ദിവസം ജുമാ നമസ്കാരത്തിന് ശേഷം എന്നെ വന്നു കാണുകയും ഒരു വലിയ തുക സംഭാവനയായി നൽകുകയും ചെയ്തു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: താങ്കളുടെ പേരിൽ കുടിശ്ശികയൊന്നും ഇല്ലല്ലോ. അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ മാതൃരാജ്യത്തേക്ക് പോയിട്ട് തിരികെ മോസ്കോയിലേക്ക് മടങ്ങിവന്നതായിരുന്നു; എന്നാൽ എയർപോർട്ടിൽ എത്തിയപ്പോൾ മറ്റ് വിദേശ യാത്രക്കാർക്കൊപ്പം ഉദ്യോഗസ്ഥർ എന്നെയും തടഞ്ഞുവെച്ചു. നിസ്സാര കാരണം കാട്ടി ഇമിഗ്രേഷൻ ഉദ്യോഗസ്ഥർ പലരെയും വിമാനത്താവളത്തിൽ വെച്ച് തന്നെ തിരിച്ചയക്കുന്ന പതിവുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതോടെ എപ്പോഴും ഫലസിദ്ധി ഉണ്ടാകുമെന്ന ചിന്ത എന്നെ ഗ്രസിച്ചു. എന്നെ തിരിച്ചയക്കാതിരുന്നാൽ നാട്ടിലേക്ക് പോകുന്ന എന്റെ വിമാന ടിക്കറ്റിന് തുല്യമായ തുക ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ നൽകുന്നതാണ് എന്ന് മനസ്സിൽ ഉറപ്പിച്ചു. ഒടുവിൽ അവർ എന്നെ കടത്തിവിട്ടു. ഞാൻ വാഗ്ദാനം ചെയ്ത തുക ഇതാ താങ്കളെ ഏൽപ്പിക്കുന്നു.

അല്ലാഹുവിന്റെ വലിയ അനുഗ്രഹത്താൽ തഹ്രീക്കെ ജദീദിന്റെ 92-ാമത് വർഷം ഒക്ടോബർ 31-ന് പൂർത്തിയായി. തുടർന്ന് നവംബർ 1 മുതൽ 93-ാമത് പുതിയ വർഷത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷം തഹ്രീക്കെ ജദീദ് ഫണ്ടിലേക്ക് ജമാഅത്ത് 20.28 മില്യൺ പൗണ്ട് സമർപ്പിക്കാനുള്ള സൗഭാഗ്യം നേടിയിരിക്കുന്നു! മുൻ വർഷത്തെ അപേക്ഷിച്ച് ഇത് 7 ലക്ഷത്തി 27 ആയിരം പൗണ്ട് കൂടുതലാണ്. കൂടാതെ, ചന്ദ നൽകിയവരുടെ എണ്ണത്തിലും കഴിഞ്ഞ വർഷത്തേക്കാൾ 46,616 പേരുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

തുടർന്ന്, മൊത്തത്തിലുള്ള സംഭാവനകളുടെ അടിസ്ഥാനത്തിൽ മുന്നിൽ നിൽക്കുന്ന ആദ്യത്തെ പത്ത് രാജ്യങ്ങളുടെ സ്ഥാനം ഹുസൂർ അൻവർ പ്രഖ്യാപിക്കുകയുണ്ടായി; അതിൽ യുകെ ആണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളത്.

അതിനുശേഷം ഇന്ത്യയിലെ ആദ്യത്തെ പത്ത് സംസ്ഥാനങ്ങളുടെ സ്ഥാനം പ്രഖ്യാപിച്ചുകൊണ്ട്, കേരളം ഒന്നാം സ്ഥാനത്താണെന്ന് അവിടുന്ന് വ്യക്തമാക്കുകയും, ഇന്ത്യയിലെ ആദ്യത്തെ പത്ത് ജമാഅത്തുകളുടെ സ്ഥാനം യഥാക്രമം വിളംബരപ്പെടുത്തുകയും ചെയ്തു: ഹൈദരാബാദ് (ഒന്നാം സ്ഥാനം),കോയമ്പത്തൂർ (തമിഴ്നാട്), ഖാദിയാൻ, കോഴിക്കോട്, മേലേപ്പാളം,ബാംഗ്ലൂർ, കേരങ്ക്, കരുളായി, കൽക്കട്ട, കണ്ണൂർ ടൗൺ.

തഹ്രീക്കെ ജദീദ് ഫണ്ടിൽ നിന്നുള്ള വരുമാനം എങ്ങനെയൊക്കെയാണ് വിനിയോഗിക്കപ്പെടുന്നത് എന്ന് വിശദീകരിച്ചുകൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: ആഫ്രിക്കൻ രാജ്യങ്ങളിൽ 7601മസ്ജിദുകളുടെയും, 2,400 മിഷൻ ഹൗസുകളുടെയും പ്രവർത്തനങ്ങളും, അവിടെ സേവനം ചെയ്യുന്ന മുബല്ലിഗുകളുടെയും മുഅല്ലിമുകളുടെയും ചെലവുകളും ഈ ഫണ്ടിൽ നിന്നാണ് നിർവ്വഹിക്കപ്പെടുന്നത്. നുസ്രത്ത് ജഹാൻ സ്കീമിന് കീഴിൽ 13 രാജ്യങ്ങളിലായി 620 സ്കൂളുകളും, 14 രാജ്യങ്ങളിലായി 41 ആശുപത്രികളും ക്ലിനിക്കുകളും ജനങ്ങൾക്ക് സേവനം ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ സർവ്വകലാശാലകൾ, സ്കോളർഷിപ്പുകൾ, 26 റേഡിയോ

സ്റ്റേഷനുകൾ, എം.ടി.എ സ്റ്റുഡിയോകൾ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ പ്രചാരണ-പ്രബോധന പദ്ധതികൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായങ്ങളും ഇതിലൂടെ നൽകപ്പെടുന്നുണ്ട്. ജമാഅത്തിലെ അംഗങ്ങളുടെ നിസ്വാർത്ഥമായ സാമ്പത്തിക ത്യാഗങ്ങൾ കൊണ്ടാണ് ഈ മഹാസേവനങ്ങളത്രയും മനോഹരമായി നടന്നുപോകുന്നത്. പരിമിതമായ മാർഗങ്ങൾ ഉപയോഗിച്ചുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അസാധാരണമായ ഫലങ്ങളാണ് ഇതിലൂടെ ലഭിച്ചുകൊണ്ടിരിക്കുന്നത്.

തഹ്രീക്കെ ജദീദും മറ്റ് കേന്ദ്ര ചന്ദകളും വഴിയാണ് ജമാഅത്തിന്റെ ചെലവുകൾ നടന്നുപോകുന്നത്; ഇത് തികച്ചുംഅംഗങ്ങളുടെ ആത്മാർത്ഥമായ ത്യാഗങ്ങൾകൊണ്ടുംഅല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹംകൊണ്ടുമാണ് സാധ്യമാകുന്നത്. ത്യാഗങ്ങൾ കാഴ്ചവെച്ച എല്ലാവർക്കും അല്ലാഹു ആളും അർഥവും നല്കി അനുഗ്രഹിക്കുമാറാകട്ടെ! ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

FRIDAY SERMON SUMMARY

DELIVERED BY

HAZRAT KHALIFATUL MASIH V(ATBA)

MASJID MUBARAK UK ON 6.11.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY ARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516